ഉത്തരം

(എ) ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ബാലുശ്ശേരി, ഉറയൂർ, നൊച്ചാട്, പേരമ്പ്ര, കായണ്ണ, നടുവണ്ണൂർ, ഉള്ളിയേരി, ഉണ്ണികുളം, കീഴരിയൂർ, ചങ്ങരോത്ത് എന്നീ ഗ്രാമപഞ്ചായത്തുകളോട് കുടിവെള്ള പദ്ധതിക്ക് ടാങ്കുകൾ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. വിളിച്ചു ചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും പനങ്ങോട്, മേപ്പയൂർ, കുത്താളി, ചെറുവണ്ണൂർ, അത്തോളി, കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടില്ല എന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജെ.ബി.ഐ.സി. പ്രോജക്ടിന്റെ ഭാഗമായി ജലവിതരണത്തിനുള്ള ഡിസ്ട്രിബ്യൂഷൻ ടാങ്കും പൈപ്പുലൈനുകളും സ്ഥാപിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എൽ.എ.സി.എ.ഡി.എസ്. -ൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

237 (3215) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എസ്-ൽ ഉൾപ്പെടുന്ന ഏതെല്ലാം പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിയുടേയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും കരാർ തുക എത്ര വീതമാണെന്നും കരാർ എടുത്തിരിക്കുന്നത് ആരൊക്കെയാണെന്നും ഓരോ പ്രവൃത്തിയും പൂർത്തിയാക്കേണ്ട തീയതി ഏതാണെന്നും വിശദമാക്കാമോ ;

(ബി) എൽ.എസ്.ജി.ഡി.-യിലെ പല സെക്ഷനുകളിലും ടൈപ്പിസ്റ്റുമാരില്ലാത്തതുമൂലം എൽ.എ.സി. എ.ഡി.എസ്. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly